LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഒറ്റപ്പാലം സബ്കളക്ടർ കൺവീനറും എം.പി., എം.എൽ.എ, ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരടങ്ങുന്ന ഒൻപതംഗ ഏകോപന സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു

(സി) മന്ത്രിസഭാ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) അട്ടപ്പാടിയിലെ ഗിരിവർഗ്ഗക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രത്യേകമായി ട്രഷറി നിയന്ത്രണങ്ങളൊന്നുമില്ല.

അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ ആരോഗ്യ സംരക്ഷണം

355 (695) ശ്രീ. എ. കെ. ബാലൻ :
ശ്രീമതി കെ. എസ്. സലീഖ:
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി ആദിവാസി മേഖലയിൽ ഇപ്പോഴുള്ള ഗർഭിണികളിൽ ഭൂരിപക്ഷവും ഗുരുതരമായ വിളർച്ചരോഗം ബാധിച്ചവരാണെന്നും ഇക്കാരണത്താൽ ഇനിയും ശിശുമരണങ്ങൾ വർദ്ധിക്കാൻ ഇടയുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസി മേഖലയിലെ ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരം വിതരണം ചെയ്യുവാനുദ്ദേശിച്ചുള്ള പദ്ധതികളിലെ പണം ഇടനിലക്കാർ തട്ടിയെടുക്കുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ശിശുക്കളുടെയും ഗർഭസ്ഥ ശിശുക്കളുടെയും മരണങ്ങൾ ഉടനുന്നത് മൂലം അട്ടപ്പാടി മേഖലയിലെ ആദിവാസികൾ ഭീതിയിലാണ് കഴിയുന്നതെന്ന വസ്തുത അറിയാമോ ;

(ഡി) പല പദ്ധതികളുടെയും ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്കിടയിലെ നിസ്സഹരണവും പരസ്പരധാരണയായില്ലായ്മയും നിമിത്തം ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാവുകയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല. വിളർച്ചരോഗം ബാധിച്ചവരെ കണ്ടെത്തി അവരെ പരിശോധിച്ച് വേണ്ടത്ര ചികിത്സയും മറ്റും നൽകുന്നതിന് ആരോഗ്യവകുപ്പുമുഖേന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി പ്രകാരം ഭക്ഷണം പാചകം ചെയ്തു നൽകിവരുന്നുണ്ട്.

(ബി) ആദിവാസി മേഖലയിലെ ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരം വിതരണം ചെയ്യുന്നത് സാമൂഹ്യനീതി വകുപ്പ് മുഖാന്തിരമാണ്. ടി പദ്ധതികളിലെ പണം ഇടനിലക്കാർ തട്ടിയെടുക്കുന്നതായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശിശുമരണങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

(ഡി) വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി ഒരു നോഡൽ ആഫീസറെ ഇതിനകം നിയമിച്ചു കഴിഞ്ഞു.

അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണം

356 (696) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ കഴിഞ്ഞ വർഷം ഡിസംബർ മാസംവരെ എത്ര നവജാത ശിശുക്കളാണ് മരിച്ചിട്ടുള്ളത് ;

(ബി) 2014 ജനുവരിമുതൽ നവംബർ മാസംവരെ എത്ര നവജാതശിശുക്കളാണ് മരിച്ചിട്ടുള്ളത് ;

(സി) മരിച്ച കുട്ടികളുടെ കുടുംബത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(ഡി) ഭാവിയിൽ ഇത്തരത്തിലുള്ള മരണങ്ങൾ ഒഴിവാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly